DESPATCHED
On..24/8/21.....

6/8/21


സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
തിരുവനന്തപുരം–695 001
Tel: 0471 2561612/2561613/2561614/2335199, Fax: 0471 2330920
Email: sic.ker@nic.in


ഹർജി നമ്പർ **AP 571(1)/2021/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
**File No.5702/SIC-Gen4/2021**

**സന്നിഹിതൻ**
**ഡോ: വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2021 ആഗസ്റ്റ് 6**

ശ്രീ. അനൂപ് വി.,
പി.ബി. നമ്പർ – 1,
ആലംകോട് പി.ഒ.,
തിരുവനന്തപുരം.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & പ്രിൻസിപ്പൽ,
ജി.എച്ച്.എസ്.എസ്. പരവൂർ,
കൊല്ലം. 691 319.
2. അപ്പീൽ അധികാരി &
റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ,
റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ഓഫ് എഡ്യൂക്കേഷന്റെ കാര്യാലയം,
കോർപ്പറേഷൻ ബിൽഡിംഗ്, പാളയം,
തിരുവനന്തപുരം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 23.1.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 16.2.2021 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 9.3.2021 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | – |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 3.5.2021 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 5.5.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 22.6.2021 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 26.7.2021 |
| ഹിയറിംഗ് (ഓഡിയോ) തീയതി | 6.8.2021 |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

ശ്രീ. അനൂപ് പി.വി., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷിയ്ക്ക് നൽകിയ അപേക്ഷയ്ക്ക് ലഭിച്ച മറുപടിയിലെ 7, 8, 11 എന്നീ ഇനങ്ങൾക്ക് നൽകിയ മറുപടി തൃപ്തികരമല്ലെന്നും

മറുപടി നൽകേണ്ട സമയപരിധി കഴിഞ്ഞതിനാൽ രേഖകൾ സൗജന്യമായി ലഭ്യമാക്കേണ്ടതാണെന്നും അപ്പീൽ അധികാരിയുടെ അഡ്രസ്സ് ലഭ്യമാക്കാത്തതിനാൽ എസ്.പി.ഐ.ഒ മുഖാന്തിരമാണ് അപ്പീൽ നൽകിയത് എന്നും അപ്പീൽ അധികാരിയുടെ മറുപടി ലഭ്യമായിട്ടില്ലെന്നും ആയതിനാൽ എതിർകക്ഷികൾക്കെതിരെ നടപടി സ്വീകരിക്കണമെന്നും വിവരങ്ങൾ ലഭ്യമാക്കി നൽകണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 23.1.2021 തീയതി സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, താഴെപ്പറയുന്ന വിവരങ്ങളാണ് :

i) ഗവൺമെന്റ് എച്ച്.എസ്.എസ് പരവൂരിലെ ഹയർ സെക്കണ്ടറി വിഭാഗം ടീച്ചർമാരുടെ സ്റ്റാഫ് റൂമും പ്രിൻസിപ്പലിന്റെ ഓഫീസും പരിധിയിൽ വരുന്ന രീതിയിൽ സി.സി.ടി.വി സ്ഥാപിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരം സൂചിപ്പിക്കുന്ന രേഖ/ഉത്തരവ്/സർക്കുലറിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് നൽകമെന്നും

ii) ഗവൺമെന്റ് എച്ച്.എസ്.എസ് പരവൂരിലെ ഹയർ സെക്കണ്ടറി വിഭാഗം ടീച്ചർമാരുടെ സ്റ്റാഫ് റൂമും പ്രിൻസിപ്പലിന്റെ ഓഫീസും പരിധിയിൽ വരുന്ന രീതിയിൽ സി.സി.ടി.വി സ്ഥാപിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത സി.സി.ടി.വി ദൃശ്യങ്ങളുടെ 12/1/2021, 13/1/2021 എന്നീ ദിവസങ്ങളിലെ working hours-ലെ ദൃശ്യങ്ങളുടെ പകർപ്പ് നൽകണമെന്നും മറ്റുമായി 14 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 16.2.2021 തീയതി ഒന്നാം എതിർകക്ഷി മറുപടി നൽകിയതായി കാണുന്നു. ടി മറുപടി തൃപ്തികരമല്ലെന്നു കാണിച്ച് 9.3.2021 തീയതി ഹർജിക്കാരൻ അപ്പീൽ സമർപ്പിച്ചു. ടി അപ്പീൽ ഹർജിയിൽ പ്രസ്താവിച്ചത്, ടിയാന്റെ വിവരാവകാശ അപേക്ഷയിലെ 7-ാം ഇനത്തിന് നൽകിയ മറുപടി തൃപ്തികരമല്ലെന്നും മറുപടി നൽകേണ്ട സമയപരിധി കഴിഞ്ഞതിനാൽ പകർപ്പുകൾ സൗജന്യമായി ലഭിക്കുവാൻ അർഹതയുണ്ടെന്നും 8-ാം ഇനം സംബന്ധിച്ച് 6(3) വകുപ്പു പ്രകാരം കൈമാറി എന്നല്ലാതെ ആർക്ക് കൈമാറി എന്ന് മറുപടിയിൽ സൂചനയില്ലെന്നും 11-ാം ഇനം സംബന്ധിച്ച മറുപടി തൃപ്തകരമല്ലെന്നും മറുപടി നൽകേണ്ട സമയപരിധി കഴിഞ്ഞതിനാൽ പകർപ്പുകൾ സൗജന്യമായി നൽകണമെന്നുമാണ്.

4. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരന്റെ 23.1.2021-ലെ വിവരാവകാശ അപേക്ഷയ്ക്ക് 16.2.2021-ൽ ഓർഡിനറി പോസ്റ്റിൽ മറുപടി അയച്ചു നൽകിയിട്ടുള്ളതാണെന്നും ആയത് 19.2.2021-ൽ ഹർജിക്കാരന് ലഭ്യമായിട്ടുണ്ടെന്ന് ടിയാൻ 9.3.2021-ന് അയച്ച കത്തിൽ സൂചിപ്പിച്ചിട്ടുണ്ടെന്നും എന്നാൽ മേൽപ്പടി കത്തിൽ സ്റ്റാമ്പ് പതിപ്പിച്ചിട്ടില്ലാത്തതിനാൽ ടി കത്ത് വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നില്ലെന്നും 7-ാമത്തെ ചോദ്യത്തിന്റെ മറുപടിയിൽ ഡി.ജി.ഇ യുടെ സൈറ്റ് രേഖപ്പെടുത്താൻ വിട്ടുപോയതാണെന്നും, 8-ാംമത്തെ ചോദ്യത്തിന്റെ മറുപടിയിൽ മേലധികാരി റിജീയണൽ ഡെപ്യൂട്ടി ഡയറക്ടർ ആണെന്ന് വ്യക്തമാക്കാൻ വിട്ട് പോയതാണെന്നും 11-ാമത്തെ ഇനത്തിൽ ആവശ്യപ്പെട്ട സസ്പെൻഷനായ അധ്യാപകരുടെ സർവ്വീസ് ബുക്കിന്റെ പകർപ്പാണ് ആവശ്യപ്പെട്ടിരുന്നതെന്നും ആയത് അധ്യാപകരുടെ സമ്മതത്തോടെ മാത്രമേ കൊടുക്കാവൂ എന്നതിനെ കുറിച്ച് വ്യക്തത വരുത്തി തരണമെന്നും റിപ്പോർട്ടിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, വിവരാവകാശ നിയമ പ്രകാരം നൽകിയ മറുപടിയിൽ അപ്പീൽ അധികാരിയുടെ വിലാസം, അപ്പീൽ കാലാവധി എന്നിവ രേഖപ്പെടുത്താതിരുന്നതിനാലാണ് ഹർജിക്കാരന് ഒന്നാം അപ്പീൽ എസ്.പി.ഐ.ഒ മുമ്പാകെ തന്നെ നൽകേണ്ടി വന്നതെന്ന് കമ്മീഷന് ബോധ്യമാകുന്നു. എന്നാൽ അത്തരം ഒരു അപ്പീൽ കിട്ടിയാൽ ആയത് ബന്ധപ്പെട്ട അപ്പീൽ അധികാരിയ്ക്ക് കൈമാറാനുള്ള ചുമതല എസ്.പി.ഐ.ഒയ്ക്ക് ഉണ്ടായിരുന്നു. കൂടാതെ സ്റ്റാമ്പ് പതിച്ചിട്ടില്ല എന്നതിനാൽ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതല്ലെന്ന തീരുമാനം എടുത്തതും ശരിയായ നടപടി അല്ല. 3–ാം കക്ഷി വിവരം ഒരാൾ ആവശ്യപ്പെട്ടാൽ അപേക്ഷ ലഭിച്ച് 5 ദിവസത്തിനകം മൂന്നാം കക്ഷിക്ക് നോട്ടീസ് നൽകി 3–ാം കക്ഷിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ സ്വതന്ത്രമായ തീരുമാനം എടുക്കാനുള്ള ചുമതല എസ്.പി.ഐ.ഒയ്ക്ക് ഉണ്ട്. സർവ്വീസ് ബുക്കിൽ സർവ്വീസ് ഡീറ്റെയിൽസ് രേഖപ്പെടുത്തിയിട്ടുള്ള പേജുകളുടെ പകർപ്പുകൾ നൽകുന്നത് എതെങ്കിലും വ്യക്തിയുടെ സ്വകാര്യതയിലേയ്ക്കുള്ള കടന്നുകയറ്റമാകില്ല എന്നതിനാൽ ടി ജീവനക്കാരന്റെ ഔദ്യോഗിക വിവരങ്ങൾ അടങ്ങുന്ന പേജിന്റെ പകർപ്പുകൾ മാത്രം നൽകാവുന്നതുമാണ്.

6. വിവരാവകാശ നിയമ പ്രകാരം നടപടി സ്വീകരിക്കുന്നതിൽ ഒന്നാം എതിർകക്ഷിയുടെ ഭാഗത്ത് വീഴ്ച ഉണ്ടായിട്ടുള്ളതിനാൽ ഹർജിക്കാരൻ ആവശ്യപ്പെട്ട നിയമാനുസൃതം നൽകാവുന്ന എല്ലാ രേഖകളുടെയും പകർപ്പുകൾ സൗജന്യമായി ടി ഉത്തരവ് കൈപ്പറ്റി 7 ദിവസത്തിനകം ഒന്നാം എതിർകക്ഷി നൽകേണ്ടതാണെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

7. മേൽ പ്രസ്താവിച്ച പ്രകാരം ഭാവിയിൽ വിവരാവകാശ അപേക്ഷകൾ കൂടുതൽ ജാഗ്രതയോടെ കൈകാര്യം ചെയ്യേണ്ടതാണെന്ന കർശന നിർദ്ദേശം ഒന്നാം എതിർകക്ഷിക്ക് നൽകി കൊണ്ട് ഈ അപ്പീൽ ഹർജിയിലെ നടപടികൾ അവസാനിപ്പിച്ചു കൊണ്ട് ഇന്നേ ദിവസം 2021 ആഗസ്റ്റ് 6–ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

bnk